## പങ്കെടുക്കാൻ അർഹരായവർ

- പാരമ്പര്യവും ആധുനികവുമായ വൈദ്യപരിചരണ രംഗത്തെ ഡോക്ടർമാർ, നഴ്സുമാർ, തെറാപ്പിസ്റ്റുമാർ
- അക്കാദമികരും ഗവേഷകരും – വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, സാമൂഹ്യശാസ്ത്ര മേഖലയിൽ ഉള്ളവർ
- NGOകൾ, ആരോഗ്യ സേവന പ്രവർത്തകർ
- വ്യവസായമേഖലയിലെ താൽപ്പര്യമുള്ള വ്യക്തികൾ
- ഗവേഷണ വിദ്യാർത്ഥികൾ, പിജി,- യുജി- ഡിപ്ലോമ വിദ്യാർത്ഥികൾ

പങ്കെടുക്കുന്നവർക്ക് മലയാളം മനസ്സിലാക്കാൻ കഴിയണം. പങ്കെടുക്കുന്നവരുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

## നേതൃത്വം

കേരളത്തിലെ ആരോഗ്യ-സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ വിദഗ്ധരും ഗവേഷകരുമാണ് പ്രധാന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്

## രജിസ്ട്രേഷൻ

താൽപ്പര്യമുള്ള വ്യക്തികൾക്ക് ഇനിപ്പറയുന്ന ലിങ്ക് ഉപയോഗിച്ചോ QR കോഡ് സ്കാൻ ചെയ്തോ പ്രോഗ്രമിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്

https://forms.gle/yAWdNNdDgVuazerB7

## കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക


**കോഓർഡിനേറ്റർ**

ഡോ. വിദ്യ ചന്ദ്രൻ
അസോസിയേറ്റ്പ്രൊഫസർ,
മെക്കാനിക്കൽ എഞ്ചിനീയറിംഗ്
ഫോ: +91 99467 87001
ഇമെയിൽ: vidyachandran@scmsgroup.org

**സഹകോഓർഡിനേറ്റർ**

അനൂബ് ജോസ്
അസിസ്റ്റന്റ് പ്രൊഫസർ,
മെക്കാനിക്കൽ എഞ്ചിനീയറിംഗ്
ഫോ: +91 90614 72789
ഇമെയിൽ: anoob.jose@scmsgroup.org


## ആമുഖം

പരമ്പരാഗത ആരോഗ്യ സംരക്ഷണ പരിജ്ഞാനത്തിന്റെയും ആധുനിക സാങ്കേതിക കണ്ടുപിടുത്തങ്ങളുടെയും സംയോജനം പര്യവേക്ഷണം ചെയ്യുക എന്ന ലക്ഷ്യത്തോടെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് സംഘടിപ്പിക്കുന്ന ഒരു ഇന്റർ ഡിസിപ്ലിനറി കോൺഫറൻസാണ് ആരോഗ്യസാങ്കേതികകേരളം: പുരാതന ഉൾക്കാഴ്ചകളും സാങ്കേതിക പുരോഗതികളും.
ആയുർവേദം പോലുള്ള സമഗ്ര സംവിധാനങ്ങളിലുള്ള കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും ആരോഗ്യസാങ്കേതിക ഗവേഷണത്തിലെ അതിന്റെ വർദ്ധിച്ചുവരുന്ന സാന്നിധ്യവും കണക്കിലെടുത്ത്, മെഡിക്കൽ ഉപകരണങ്ങൾ, സഹായക സാങ്കേതികവിദ്യകൾ, ബയോമെഡിക്കൽ സംവിധാനങ്ങൾ, ആരോഗ്യ സംരക്ഷണ ഓട്ടോമേഷൻ എന്നിവ വികസിപ്പിക്കുന്നതിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് തത്വങ്ങൾ എങ്ങനെ പ്രയോഗിക്കാമെന്ന് ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദിയാണിത്. അക്കാദമിഷ്യന്മാർ, ഗവേഷകർ, എഞ്ചിനീയർമാർ, വിദ്യാർത്ഥികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്നതിലൂടെ, സാംസ്കാരിക ആഴവും സാങ്കേതിക മികവും സന്തുലിതമാക്കുന്ന ഒരു ആരോഗ്യ സംരക്ഷണത്തെ പുനർവിചിന്തനം ചെയ്യുന്നതിനുള്ള സഹകരണവും സമ്മേളനത്തിലൂടെ ഉദ്ദേശിക്കുന്നു.

പങ്കെടുക്കുന്നവർക്കുള്ള കോഴ്സ് ഫലങ്ങൾ:

- പാരമ്പര്യവും ആധുനികതയും ചേർന്ന ആരോഗ്യ സാങ്കേതിക അറിവ് ലഭിക്കും
- ആരോഗ്യരംഗത്തെ ഡോക്ടർമാരുമായും എഞ്ചിനീയർമാരുമായും ഇടപഴകാൻ അവസരം ലഭിക്കും
- മലയാളത്തിൽ ആരോഗ്യ സാങ്കേതിക വിദ്യയെ കുറിച്ച് സംവദിക്കാൻ ഒരു നല്ല വേദി ഒരുക്കപ്പെടും
- സാങ്കേതിക വിദ്യ ഉപയോഗിച്ച് ആരോഗ്യ സേവനം എളുപ്പമാക്കാൻ പുതിയ ആശയങ്ങൾ തേടാം
- കേരളത്തിലെ ഗ്രാമപ്രദേശങ്ങൾക്കായി പുതിയ ആരോഗ്യമാർഗങ്ങൾ ആലോചിക്കാം
- വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പുതിയ പഠന, ഗവേഷണ സാധ്യതകൾ തുറക്കപ്പെടും
- ഇത്തരത്തിലുള്ള സംവാദങ്ങൾക്ക് തുടർ ഗവേഷണ സഹകരണങ്ങൾക്കുള്ള സാധ്യതകൾ തീർക്കാം

AICTE-Vibrant Advocacy for Advancement and Nurturing of Indian Languages

ത്രിദിന സമ്മേളനം

# ആരോഗ്യസാങ്കേതികകേരളം: പുരാതന ഉൾക്കാഴ്ചകളും സാങ്കേതിക പുരോഗതികളും

**മലയാളത്തിൽ**

സെപ്റ്റംബർ 17 മുതൽ 19 വരെ, 2025

# Health Tech Kerala: Ancient Insights and Technological Advancements

*സംഘാടനം*

**മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം**
**എസ്. സി. എം. എസ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, കറുകുറ്റി, എറണാകുളം 683 756**

https://scmsgroup.org/sset

## എഐസിടിഇ-വാണി

അധ്യാപന-പഠന അനുഭവം വർദ്ധിപ്പിക്കുന്നതിന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ ഇന്ത്യൻ ഭാഷകളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ച് അധ്യാപന-പഠന അനുഭവം മെച്ചപ്പെടുത്തുന്നതിന് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ 'എഐസിടിഇ-വാണി' പദ്ധതി ആവിഷ്കരിച്ചു. VAANI എന്നത് Vibrant Advocacy for Advancement and Nurturing of Indian Languages എന്നതിന്റെ ചുരുക്കെഴുത്താണ്. 'എഐസിടിഇ-വാണി' പദ്ധതിയിൽ ഉൾപ്പെട്ട ശ്രദ്ധേയമായ 12 മേഖലകളിലൊന്നാണ് "ആരോഗ്യസാങ്കേതിക വിദ്യ".

## ഞങ്ങളുടെ സ്ഥാപനം

എസ്സിഎംഎസ് ഗ്രൂപ്പ് ഓഫ് എജ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് സ്ഥാപിച്ച എസ്സിഎംഎസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (SSET), 2001 മുതൽ എൻജിനീയറിങ്ങിലും സാങ്കേതികവിദ്യയിലും ഉന്നത ഗുണനിലവാരമുള്ള പ്രൊഫഷണൽ വിദ്യാഭ്യാസം നൽകുന്നതിൽ മുൻപന്തിയിലാണ്. കേരളത്തിലെ സ്വകാര്യ സ്വാശ്രയ മേഖലയിലെ ആദ്യത്തെ പത്ത് കോളേജുകളിൽ ഒന്നായ അത്യാധുനിക സൗകര്യങ്ങളുള്ള SSET എറണാകുളം ജില്ലയിലെ കറുകുറ്റിയിൽ 29 ഏക്കർ വിസ്തൃതിയുള്ള കാമ്പസായി സ്ഥാപിച്ചു. SSET എഐസിടിഇ അംഗീകരിച്ചതും അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തതുമാണ്.

ധാർമ്മിക മൂല്യങ്ങളിൽ ഊന്നൽ നൽകി അവരുടെ സമഗ്രമായ വ്യക്തിത്വ വികസനത്തിലൂടെ , വ്യവസായിക രംഗത്തെ നൂതന ആവശ്യങ്ങളും വെല്ലുവിളികളും നേരിടാനും വൈവിധ്യമാർന്ന സാമൂഹിക സേവനങ്ങൾ നൽകാനും സഹായകമായ വിധത്തിൽ വിദ്യാർത്ഥികൾക്ക് അനിതര സാധാരണമായ നിലവാരത്തിലുള്ള വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന ഒരു പ്രധാന സ്ഥാപനമായാണ് SSET വിഭാവനം ചെയ്തിരിക്കുന്നത്.



### അംഗീകാരങ്ങൾ

## മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം

SSET യുടെ ആരംഭത്തിൽ തന്നെ 2001-ൽ സ്ഥാപിതമായ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം 60 വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന ഒരു UG പ്രോഗ്രാമോടെ ആരംഭിച്ചു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ഉദ്യോഗനിയമനങ്ങളും കഴിഞ്ഞ രണ്ടു ദശകങ്ങളായി ഡിപ്പാർട്ട്മെന്റ് വളരെയധികം മുന്നേറുന്നതിനു കാരണമായി.

NBA അംഗീകൃതമായ മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് ബിരുദ കോഴ്സ് ഈ വകുപ്പ് വിജയകരമായി നടത്തുന്നു. മെക്കാനിക്കൽ എൻജിനീയറിങ്ങിന്റെ വിവിധ ഉപവിഭാഗങ്ങളിൽ സമഗ്രമായ അറിവും ഗവേഷണപരമായ കഴിവുകളും ഉള്ള പ്രശസ്തരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ, ഗവേഷണ പ്രവർത്തനങ്ങൾക്കായി പിഎച്ച്ഡി പരിശീലനവും ഈ വകുപ്പിൽ ലഭ്യമാണ്. ഗവേഷണം, ശാസ്ത്രീയ പഠനം, പരിശീലനം, നവീകരണം, വ്യവസായ സഹകരണങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പബ്ലിക്കേഷനുകൾ എന്നിവയിലൂടെ അധ്യാപകരുടെയും ഗവേഷകരുടെയും വിദ്യാർത്ഥികളുടെയും സമഗ്ര ഉന്നതിയുടെ ഒരു പദവിയാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്

## സംഘാടക സമിതി

### മുഖ്യ രക്ഷാധികാരികൾ

ഡോ. ജി. പി. സി. നായർ
ചെയർമാൻ
SCMS ഗ്രൂപ്പ്, കൊച്ചി, കേരളം

ഡോ. രാധ പി. തേവന്നൂർ
വൈസ് ചെയർമാൻ
SCMS ഗ്രൂപ്പ്, കൊച്ചി, കേരളം

ഡോ. പ്രവീൺസൽ സി. ജെ.
ഗ്രൂപ്പ് ഡയറക്ടർ, SSET

### രക്ഷാധികാരി

ഡോ.അനിതാ ജി. പിള്ള
പ്രിൻസിപ്പൽ, SSET

### കൺവീനർ

ഡോ. വിദ്യ ചന്ദ്രൻ
അസോസിയേറ്റ് പ്രഫസർ
മേധാവി മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം, SSET

## വിഷയങ്ങൾ

**1. ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡാറ്റാ സയൻസും ആരോഗ്യപരിചരണത്തിൽ**

- ഡയഗ്നോസിസ്, മെഡിക്കൽ ഇമേജിംഗ് മുതലായവയിൽ എഐ/എംഎൽയുടെ പ്രയോഗങ്ങൾ
- രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിന് പ്രവചനാത്മക ആരോഗ്യ അനാലിറ്റിക്സ്
- ആയുർവേദഗ്രന്ഥങ്ങളും ക്ലിനിക്കൽ രേഖകളും വിശദീകരിക്കാൻ നാച്ചുറൽ ലാങ്വേജ് പ്രോസസ്സിങ് (NLP) ഉപയോഗിക്കുക

**2. ആരോഗ്യ നിരീക്ഷണത്തിനുള്ള ഐഒടി, സെൻസറുകൾ, വെറബിൾ ഡിവൈസുകൾ**

- ആരോഗ്യത്തെ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്യുന്ന ഐഒടി ഉപകരണങ്ങളും സ്മാർട്ട് വെറബിൾ ഡിവൈസുകളും
- റിയൽ-ടൈം ദൂര രോഗിനിരീക്ഷണ സംവിധാനങ്ങൾ
- ഡിജിറ്റൽ ഹെൽത്ത് ആപ്ലിക്കേഷനുകളിൽ എംബെഡഡ് സിസ്റ്റങ്ങൾ

**3. പരമ്പരാഗത ചികിത്സാ രീതികളെ ആധാരമാക്കിയ ബയോമെഡിക്കൽ ഉപകരണങ്ങൾ**

- ആയുർവേദം, സിദ്ധ എന്നിവയിൽ നിന്ന് പ്രചോദനം ലഭിച്ച എഞ്ചിനിയറിംഗ് പരിഹാരങ്ങൾ
- പഴയ ചികിത്സാ രീതികളെ ബയോമെഡിക്കൽ ഉപകരണങ്ങളിലൂടെ ആധുനികമാക്കൽ
- ഗ്രാമീണ ആരോഗ്യ സംരക്ഷണത്തിന് കുറഞ്ഞ ചെലവിൽ മെഡിക്കൽ ഉപകരണ വികസനം

**4. ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്‌ഫോമുകളും മൊബൈൽ ആപ്ലിക്കേഷനുകളും**

- ടെലി മെഡിസിൻ പ്ലാറ്റ്‌ഫോമുകളും മൊബൈൽ ഹെൽത്ത് ആപ്പുകളും നിർമ്മിക്കൽ
- ഗ്രാമീണരും മുതിർന്ന പൗരന്മാരും ഉപയോഗിക്കാനുള്ള ഉപയോക്തൃ ഇന്റർഫേസ്/ഉപഭോക്തൃ അനുഭവം (UI/UX) രൂപകൽപ്പന
- യോഗ, ഭക്ഷണനിയന്ത്രണം ഉടങ്ങിയ പരമ്പരാഗത ആരോഗ്യം സംരക്ഷണ രീതികൾ ആപ്പിലൂടെയുള്ള സംയോജനം

**5. ആരോഗ്യരംഗത്തുള്ള റോബോട്ടിക്സും ഓട്ടോമേഷനും**

- ശസ്ത്രക്രിയാ റോബോട്ടുകൾ, സഹായക റോബോട്ടുകൾ, ആശുപത്രിയിലുള്ള ഓട്ടോമേഷൻ
- മുതിർന്ന പൗരന്മാരെ സഹായിക്കുന്ന സ്മാർട്ട് ആശുപത്രി സിസ്റ്റങ്ങളും റോബോട്ടിക് പരിഹാരങ്ങളും
- എ.ഐ.യും റോബോട്ടിക്സും ഉപയോഗിച്ച് ഭാവിയിലെ ആരോഗ്യ സേവന വിതരണരീതികൾ

**6. ഹെൽത്ത് ടെക് സ്റ്റാർട്ടപ്പുകളും നവീകരണവും**

- ആരോഗ്യ മേഖലയിലെ സംരംഭകത്വം: ആശയത്തിൽ നിന്ന് ഉൽപ്പന്നത്തിലേക്ക്
- പരമ്പരാഗത ആരോഗ്യ ജ്ഞാനവും സാങ്കേതിക വിദ്യയും സംയോജിപ്പിക്കുന്ന സ്റ്റാർട്ടപ്പ് ആശയങ്ങൾ
- ഇൻഡസ്ട്രിയും ഇൻക്യുബേറ്ററുകളും നയിക്കുന്ന മെന്ററിങ് സെഷനുകൾ

**7. ബയോയിൻഫർമാറ്റിക്സ് & പുരാതന വൈദ്യശാസ്ത്രം**

- ഔഷധ സസ്യങ്ങളും പരമ്പരാഗത ഫോർമുലേഷനുകളും ഡിജിറ്റൽ മാപ്പിംഗ്
- ആയുർവേദ, സിദ്ധ സങ്കേതങ്ങളുടെ ഡാറ്റാബേസുകളും ഓണ്ടോളജികളും
- പ്രകൃതിദത്ത ഘടകങ്ങൾ ഉപയോഗിച്ച് കംപ്യൂട്ടേഷണൽ മരുന്ന് ഗവേഷണം

**8. നൈതികത, നയങ്ങൾ, ഡിജിറ്റൽ ആരോഗ്യ നിയന്ത്രണങ്ങൾ**

- ആരോഗ്യ ഡാറ്റയിലെ സ്വകാര്യതയും സുരക്ഷയും സംബന്ധിച്ച നൈതികതകൾ
- സാങ്കേതിക വിദ്യയും പരമ്പരാഗത ചികിത്സാരീതികളും സംയോജിപ്പിക്കുമ്പോൾ വന്നുവരുന്ന നിയമവകുപ്പ് വെല്ലുവിളികൾ
- ആരോഗ്യനയം, ഗവേഷണം, മെഡിടെക് മേഖലകളിലെ കരിയർ അവസരങ്ങൾ

**9. സഹായക ഉപകരണങ്ങളും ഉൾപ്പെടുത്തുന്ന സാങ്കേതികവിദ്യകളും ആരോഗ്യപരിചരണത്തിനായി**

- മുതിർന്നവർക്കും ഭിന്നശേഷിയുള്ളവർക്കുമായി സഹായക ഉപകരണങ്ങളുടെ രൂപകൽപ്പനയും വികസനവും
- എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന ഹ്യൂമൻ-സെന്ട്രിക് ഡിസൈൻ ആശയങ്ങൾ ബ്രെയിൻ-കമ്പ്യൂട്ടർ ഇന്റർഫേസുകളും ജെസ്റ്റ്ചർ നിയന്ത്രിത ഉപകരണങ്ങളും
- ചലനസാധ്യതയ്ക്കും ആശയവിനിമയത്തിനും വേണ്ടിയുള്ള കുറഞ്ഞ ചെലവിലുള്ള നവീന ഉപകരണങ്ങൾ